

THURSDAY

28/08/2025

വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor: SINDHU. KS     Editor: Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 28/08/2025

1. കാർബൺ ന്യൂട്രൽ ഗോശ്രീ കാർഷിക പദ്ധതി ജിഡയുടെയും കൃഷി വകുപ്പിന്റെയും സഹകരണത്തോടെ എറണാംകുളം ജില്ലയിലെ ഞാറക്കലിൽ ആരംഭിച്ചു. വീട്ടുവളപ്പിൽ ഫലവൃക്ഷ - പച്ചക്കറി തോട്ടം ഒരുക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയാണിത്. ജിഡ ഉൾപ്പെടുന്ന കടമക്കുടി, മുളവുകാട്, എളങ്കുന്നപ്പുഴ, ഞാറക്കൽ, നായരമ്പലം, എടവനക്കാട്, കുഴുപ്പിള്ളി, പള്ളിപ്പുറം എന്നീ പഞ്ചായത്തുകളിൽ കാർബൺ ന്യൂട്രൽ കൃഷി രീതി പദ്ധതി പ്രോത്സാഹിപ്പിക്കും. സൗജന്യമായി പച്ചക്കറി തൈകൾ, വിത്തുകൾ, ടിഷ്യൂ കൾച്ചർ വാഴ തൈകൾ എന്നിവ ഇതിൻ്റെ ഭാഗമായി വിതരണം ചെയ്യുന്നുണ്ട്. ഓരോ പഞ്ചായത്തിലും അഞ്ഞൂറ് രൂപ വിലമതിക്കുന്ന 200 യൂണിറ്റുകളാണ് വിതരണം ചെയ്യുന്നത്. സുസ്ഥിര കാർഷിക രീതി പ്രോത്സാഹിപ്പിക്കുന്ന കാർബൺ ന്യൂട്രൽ കൃഷിരീതി ഹരിതഗേഹ വാതക ബഹിർഗമനം കുറയ്ക്കുകയും ചെയ്യുന്നു.

2. കാവ് സംരക്ഷിക്കാൻ ധനസഹായം അപേക്ഷ തീയതി നീട്ടി. 2025-26 വർഷത്തില് ജില്ലയിലെ കാവുകള് സംരക്ഷിക്കുവാന് വനം-

വന്യജീവി വകുപ്പ് നൽകുന്ന സാമ്പത്തിക സഹായത്തിനുള്ള അപേക്ഷ സ്വീകരിക്കുന്ന തീയതി ആഗസ്റ്റ് 31 വരെ ദീർഘിപ്പിച്ചു. തൽപരരായ വ്യക്തികൾ, ദേവസ്വം ബോർഡ്, ട്രസ്റ്റുകൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള കാവുകൾക്കാണ് ധനസഹായം ലഭിക്കുന്നത്. താത്പര്യമുള്ളവവർ കാവിന്റെ വിസ്തൃതി, ഉടമസ്ഥത എന്നിവ തെളിയിക്കുന്ന രേഖകൾ സഹിതമുള്ള അപേക്ഷ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററ്, സാമൂഹ്യ വനവൽക്കരണ വിഭാഗം, മലപ്പുറം എന്ന വിലാസത്തിൽ അപേക്ഷിക്കണം. മുൻ വർഷങ്ങളില് ധനസഹായം ലഭിച്ച കാവുകളുടെ അപേക്ഷ പരിഗണിക്കില്ല. അപേക്ഷാ ഫോം വനം വകുപ്പിന്റെ www.forest.kerala.gov.in എന്ന വെബ്സൈറ്റില് നിന്നോ മലപ്പുറം സോഷ്യൽ ഫോറസ്ട്രി ഡിവിഷണല് ഓഫീസില് നിന്നോ ലഭിയ്ക്കും. ഫോൺ: 0483 2734803, 8547603857, 8547603864.

3. തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തിവികസനം ലക്ഷ്യമാക്കി പശു തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, കമ്പോസ്റ്റ് സംവിധാനം, സോക്ക് പിറ്റ്, കിണർ റീചാർജ്, അസോള ടാങ്ക്, തീറ്റപ്പുൽകൃഷി, കുളം നിർമ്മാണം എന്നീ ആനുകൂല്യങ്ങൾക്കായി അപേക്ഷ ക്ഷണിച്ചു. പട്ടികജാതി

പട്ടികവർഗ വിഭാഗക്കാർ, സ്ത്രീ ഗൃഹനാഥയായിട്ടുള്ള കുടുംബങ്ങൾ, അംഗപരിമിതർ ഗൃഹനാഥരായിട്ടുള്ള കുടുംബങ്ങള്, പിഎംഎവൈ, ലൈഫ് ഭവനപദ്ധതി ഗുണഭോക്താക്കൾ, ബിപിഎൽ ലിസ്റ്റിൽ ഉൾപ്പെട്ടവര് എന്നിവർക്ക് അപേക്ഷിക്കാം. അപേക്ഷ അക്ഷയ കേന്ദ്രങ്ങൾ വഴിയോ അതത് ഗ്രാമ പഞ്ചായത്ത് ഓഫീസുകളിലോ സമർപ്പിക്കാമെന്ന് ഇലഞ്ഞൂർ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ അറിയിച്ചു.

4. കേരളത്തിലെ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ അംഗങ്ങൾ ഉൾപ്പെട്ട കൂട്ടുത്തരവാദിത്ത സംഘങ്ങളിൽ (JLGs)/ വ്യക്തികളിൽ (Individuals) നിന്നും പശു വളർത്തൽ, ആട് വളർത്തൽ, 'ശുഭനില' മിനി കഫേ (വനിതാ കൂട്ടുത്തരവാദിത്ത സംഘങ്ങളിൽ (JLGs) നിന്ന് മാത്രം) എന്നീ വായ്പാ പദ്ധതികൾക്ക് സംരംഭകത്വ നൈപുണ്യ വികസന പദ്ധതി (2025-26) യുടെ കീഴിൽ മൂലധന സബ്സിഡി ധനസഹായം നൽകുന്നു. അപേക്ഷകൾ ഇന്ന് മുതൽ സമർപ്പിക്കാം. അപേക്ഷാ ഫോമിനും മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടെയുള്ള വിശദവിവരങ്ങൾക്കുമായി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

www.kswcfc.org സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി സെപ്റ്റംബർ 30.

5. റബ്ബർതോട്ടങ്ങളിൽ 2025-ൽ റെയിൻഗാർഡ് ചെയ്യുതിനുള്ള ധനസഹായത്തിന് റബ്ബറുത്പാദകസംഘങ്ങൾക്ക് അപേക്ഷിക്കാം. റബ്ബർബോർഡ് വെബ്സൈറ്റിലുള്ള 'സർവീസ്പ്ലസ്' പോർട്ടൽ വഴി 2025 സെപ്റ്റംബർ 20 വരെ സംഘങ്ങൾക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷയോടൊപ്പം ആവശ്യമായ രേഖകളും അപ്ലോഡ് ചെയ്യേണ്ടതാണ്. ഹെക്ടർ പ്രതി പരമാവധി 4000 രൂപയാണ് ധനസഹായം. വിശദവിവരങ്ങൾ റബ്ബർബോർഡ് വെബ്സൈറ്റിൽ www.rubberboard.gov.in നിന്ന് ലഭിക്കും. റബ്ബർബോർഡ് റീജിയണൽ ഓഫീസുകൾ, ഫീൽഡ് സ്റ്റേഷനുകൾ, കേന്ദ്രഓഫീസിൽ പ്രവർത്തിക്കുന്ന കോൾസെന്റർ (04812576622) എന്നിവിടങ്ങളിൽനിന്നും വിവരങ്ങൾ ലഭിക്കുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

1. ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ സാമ്പത്തിക സഹായത്തോടെ കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രം ഓഗസ്റ്റ് 29 ന് വെള്ളിയാഴ്ച രാവിലെ 11 മണിക്ക് ഡോ:അസ്മ ഇദ്രീസ് (MVSc, Assistant Professor) നേതൃത്വത്തിൽ മുട്ട കോഴി വളർത്തൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ള കണ്ണൂർ ജില്ലയിലെ കർഷകർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വിളിച്ച് ഇന്ന് (ഓഗസ്റ്റ് 28) 5 മണിക്ക് മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫോൺ നമ്പർ : 8547675124.

2. ഓണത്തോടനുബന്ധിച്ച് കോട്ടയം ക്ഷീരവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഓണക്കാല ഊർജ്ജിത പാൽ ഗുണനിലവാരപരിശോധനയും ഇൻഫർമേഷൻ സെന്ററും 2025 ആഗസ്റ്റ് 29 ന് വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ തുടർച്ചയായി സെപ്റ്റംബർ രണ്ടാം തീയതി വരെയും, സെപ്റ്റംബർ മൂന്നാം തീയതി രാവിലെ 9 മണി മുതൽ ഉച്ചക്ക് 12 മണി വരെയുള്ള തീയതികളിൽ ക്ഷീരവികസന വകുപ്പിന്റെ കോട്ടയം ജില്ല ആസ്ഥാനത്ത്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വെച്ച് നടത്തപ്പെടുന്നു. ഉപഭോക്താക്കൾക്ക് വിപണിയിൽ ലഭ്യമാകുന്ന ഓരോ ബ്രാൻഡ് പാലിന്റെയും ഗുണനിലവാരം സൗജന്യമായി പരിശോധിച്ചറിയുന്നതിനും തങ്ങൾ ഉപയോഗിക്കുന്ന പാലിന്റെ ഗുണനിലവാരം സംബന്ധിച്ച സംശയങ്ങൾ ഇല്ലാതാക്കുന്നതിനുമുള്ള ക്രമീകരണങ്ങൾ പ്രസ്തുത ദിവസങ്ങളിൽ ഏർപ്പെടുത്തിയിരിക്കുന്നു. പരിശോധനയ്ക്ക് ഉള്ള പാൽ സാമ്പിളുകൾ 200 ml ൽ കുറയാത്ത രീതിയിലും പാക്കറ്റ് പാൽ 500 ml ൽ കുറയാത്ത രീതിയിലും കൊണ്ട് വരേണ്ടതാണ്.

**കാർഷിക നിർദേശം**

1. നല്ല വളക്കൂറുള്ള മണ്ണിലും ധാരാളം ജൈവവളം ചേർക്കുന്ന കുരുമുളകുകൊടിക്കും രാസവളം കുറച്ച് നൽകിയാൽ മതി. കൊടിയുടെ ചുറ്റും രണ്ടടിവ്യാസത്തിൽ എടുത്ത തടത്തിൽ വളം വിതറി മുപ്പല്ലി കൊണ്ട് കൊത്തിച്ചേർക്കാം. തടമെടുക്കുമ്പോൾ വേരുകൾക്ക് മുറിവേറ്റാൽ ദ്രുതവാട്ടത്തിനുള്ള സാദ്ധ്യത കൂടും. വളം ഒലിച്ച് നഷ്ടപ്പെടാതിരിക്കാനും, മണ്ണിലെ ഈർപ്പം നിലനിർത്തുന്നതിനും, താപനില ക്രമീകരിക്കുന്നതിനും, കളനിയന്ത്രണത്തിനു പുതയിടീൽ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സഹായിക്കും. മഴ ശമിക്കുന്നതോടെ സ്യൂഡോമോണാസ് ഫ്ളൂറസൻസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുകയും ട്രൈക്കോഡെർമ്മ കൾച്ചർ ചുവട്ടിൽ ചേർക്കുകയും ചെയ്യുകയാണെങ്കിൽ ദ്രുതവാട്ടം /പൊള്ളുരോഗം എന്നിവ നിയന്ത്രിക്കാൻ സാധിക്കും.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം